LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് സർവകലാശാല കോഴ്സുകളുടെ അംഗീകാരം

133 (1271) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവകലാശാല നടത്തുന്ന ലൈബ്രറി ആന്റ് ഇൻഫർമേഷൻ ബിരുദകോഴ്സിനും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കും കേരള സർവകലാശാലയുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അംഗീകാരമില്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോഴ്സുകൾക്ക് കേരള സർവകലാശാലയുടെയും കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളുടേയും പി.എസ്.സി.യുടെയും അംഗീകാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റികൾ നൽകുന്ന ഡിഗ്രികൾക്ക് ഇതര യൂണിവേഴ്സിറ്റികളുടെ പ്രത്യേക അംഗീകാരത്തിന്റെ ആവശ്യമില്ല. എന്നാൽ ലിബറലൈസ്ഡ് സ്കീമിലൂടെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഡിഗ്രികൾക്ക് അംഗീകാരം ലഭിക്കുന്നതിന് ബന്ധപ്പെട്ട സർവകലാശാലകളിൽ അപേക്ഷ സമർപ്പിച്ച്, അതാതു സർവകലാശാലാ അക്കാഡമിക് കൗൺസിലിന്റെ തീരുമാനമനുസരിച്ച് അംഗീകാരം നേടാവുന്നതാണ്. സർവകലാശാലകളുടെ അംഗീകാരം ലഭിക്കുന്ന കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കുന്നതിന് തടസ്സമില്ല.

കഴക്കൂട്ടത്തെയും കായംകുളത്തെയും യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ അംഗീകാരം

134 (1273) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടത്തെയും കായംകുളത്തെയും യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള എൻ.സി.ടി.ഇ.യുടെ തീരുമാനത്തിനെതിരെ ജി. സുധാകരൻ, കടകംപള്ളി സുരേന്ദ്രൻ എന്നീ എം.എൽ.എ.മാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.31681/99 റിട്ട് പെറ്റീഷനെ തുടർന്ന് പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം തുടരാൻ ഹൈക്കോടതി വിധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനം തുടരുന്നതിനും വികസിപ്പിക്കുന്നതിനുമായി സർക്കാർ എന്തു തുടർനടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ കഴക്കൂട്ടത്തെയും കായംകുളത്തെയും യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിൽ 1999-2000 അദ്ധ്യയനവർഷത്തിലേയ്ക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ സെന്ററുകളുടെ വികസനത്തിനും മറ്റുമുള്ള നടപടികൾ സർവകലാശാലയാണ് കൈക്കൊള്ളേണ്ടത്.